സംസ്ഥാന സർക്കാർ വിഹിതമായി, സ്റ്റേഡിയങ്ങളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും വേണ്ടി 58.22 കോടി രൂപ പദ്ധതി ഇനത്തിലും 25 ലക്ഷം രൂപ ഭരണ നിർവ്വഹണത്തിനായി പദ്ധതിയേതരയിനത്തിലും വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി 8.78 കോടി രൂപയും പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) പ്രധാന വേദിയായ തിരുവനന്തപുരത്ത് ഏകദേശം 5000 കായിക താരങ്ങൾക്കും ഒഫീഷ്യലുകൾക്കുമായി താമസസൗകര്യത്തിന് ഒരു ഗെയിംസ് വില്ലേജ് പണി കഴിപ്പിക്കാൻ ഉദ്ദേശിക്കുന്നു. മറ്റ് 6 വേദികളിലെ കായിക താരങ്ങൾക്കും ഒഫിഷ്യലുകൾക്കും വേദികൾക്ക് സമീപത്തുള്ള ഗസ്റ്റ് ഹൗസുകൾ ഹോട്ടലുകൾ എന്നിവയിൽ താമസസൗകര്യം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

## ഐ.പി.എൽ. ക്രിക്കറ്റ് മത്സരങ്ങൾ നടത്തുന്നതുകൊണ്ട് സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ

199 (2299) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഐ.പി.എൽ. ക്രിക്കറ്റ് മത്സരങ്ങൾ കൊച്ചിയിൽ നടത്തുന്നതുകൊണ്ട് സംസ്ഥാനത്തിന് മൊത്തത്തിൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് ;

(ബി) ഇവയെക്കുറിച്ച് വിശദമായി പരിശോധിക്കുന്നതിനും സമഗ്രമായി വിലയിരുത്തുന്നതിനും ആവശ്യമായ ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(സി) ഐ.പി.എൽ. മത്സരങ്ങൾ നടത്തുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളത് ;

(ഡി) ഐപിഎൽ. മത്സരങ്ങൾ ഒരു പ്രാവശ്യം കേരളത്തിന് നഷ്ടപ്പെട്ടാൽ പിന്നീട് അത് ലഭിക്കാൻ ബുദ്ധിമുട്ടായിരിക്കുമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ ക്രിക്കറ്റ് ആരാധകർക്ക് പ്രസ്തുത മത്സരം വലിയ ആഹ്ലാദം ജനിപ്പിക്കുന്ന ഒരു സംരംഭമാണ്. ഇതൊരു സർക്കാർ സംരംഭമല്ല. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly